# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1005

12-07-2016 ൽ മറുപടിയ്ക്ക്

## നെല്ല് ഉൽപാദനം

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുള്ള

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ നെല്ല് ഉൽപാദനം ഇനിയും സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസരിച്ച് ഉയർന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ലഭ്യമായ പരമാവധി നെൽപ്പാടങ്ങളിൽ കൃഷി ഇറക്കി സംസ്ഥാനത്തിന്റെ നെല്ല് ഉൽപാദനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | സംസ്ഥാനത്തിൽ തരിശുകിടക്കുന്ന നെൽപ്പാടങ്ങൾ, കായൽ പ്രദേശങ്ങൾ എന്നിവ ഘട്ടം ഘട്ടമായി നെൽകൃഷിയ്ക്ക് ഉപയുക്തമാക്കി സംസ്ഥാനത്തെ നെൽകൃഷി വിസ്തീർണ്ണം നിലവിലുള്ള 1.94 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനോടൊപ്പം മറ്റ് നെൽകൃഷി വികസന പദ്ധതികൾ ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പിലാക്കി നെല്ലിന്റെ ഉൽപ്പാദനക്ഷമത 2836 കിലോഗ്രാം/ഹെക്ടറിൽ നിന്ന് 3000 കിലോഗ്രാം/ഹെക്ടറായി ഉയർത്തി അതുവഴി ആകെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കരനെൽകൃഷി 5 വർഷം കൊണ്ട് 1 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം, ആയഞ്ചേരി, തിരുവള്ളൂർ, മണിയൂർ എന്നീ പഞ്ചായത്തുകളിലായി ഏതാണ്ട് മുന്നൂറ് ഹെക്ടർ നെൽപാടം കൃഷിയോഗ്യമല്ലാതെ തരിശായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ മലബാറിന്റെ നെല്ലറയായ ഈ കോൾ നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് പ്രത്യേക പാക്കേജിന് രൂപം നൽകുമോ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | മലബാറിന്റെ നെല്ലറയായ ഈ പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും താഴ്ന്നാണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശത്ത് ഉപ്പ് വെള്ളം കയറാറുണ്ട്. RIDF ഫണ്ട് ഉപയോഗിച്ച് ഈ പ്രദേശങ്ങൾ കൃഷിയോഗ്യമാക്കി നെൽകൃഷി ശക്തിപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ